**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3581** 20.10.2016- ൽ മറുപടിക്ക്

**തിരൂരങ്ങാടി മണ്ഡലത്തിൽപെട്ട 'സ്വാഗതമാട്-കുറുക, എടരിക്കോട്-കട്ടുങ്ങാത്ത്കുണ്ട് 'റോഡുകൾക്ക് ഭരണാനുമതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.കെ.അബ്ദുറബ്ബ്** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽപ്പെട്ട രണ്ട് പ്രധാന റോഡുകളായ 'സ്വാഗതമാട് - കുറുക, എടരിക്കോട് - കട്ടുങ്ങാത്ത് കുണ്ട് റോഡുകൾക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച 4076/G3/2016/PWD നമ്പർ ഫയലിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;<br>(ബി) ഈ ഫയൽ തെരഞ്ഞെടുപ്പ കമ്മീഷന് അനുമതിക്കായി അയച്ചിരുന്നോ; എങ്കിൽ എന്നാണ് അയച്ചതെന്ന് വെളിപ്പെടുത്തുമോ;<br>(സി) തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശം എന്തായിരുന്നു; ആ നിർദ്ദേശം നടപ്പാക്കിയോ; ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) യും (ബി) യും (സി) യും<br>തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ 'സ്വാഗതമാട് - കുറുക', 'എടരിക്കോട് - കട്ടുങ്ങാത്ത്കുണ്ട്' എന്നീ റോഡുകൾ ബി.എം & ബി.സി ചെയ്ത് നവീകരിക്കുന്നതിന് ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ 18.02.2016-ന് സർക്കാരിൽ സമർപ്പിച്ചിരുന്നു. പരാമർശ പ്രവൃത്തികൾക്ക് തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിയോടെ 557 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകാമെന്ന ധനവകുപ്പിന്റെ 15.03.2016 തീയതിയിലെ റിമാർക്ക് പ്രകാരം 01.04.2016-ന് ഫയൽ തെരഞ്ഞെടുപ്പ് കമ്മീഷന് അയയ്ക്കുകയും ചെയ്തു. എന്നാൽ പെരുമാറ്റച്ചട്ടം നിലവിലിരുന്ന സാഹചര്യത്തിൽ പ്രസ്തുത ഫയൽ കമ്മീഷന് അയയ്ക്കുവാൻ തക്കതായ പെരുമാറ്റച്ചട്ടത്തിലെ വ്യവസ്ഥയും ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് / നിയമങ്ങൾ എന്നിവ കൂടി രേഖപ്പെടുത്തി ചീഫ് സെക്രട്ടറി മുഖേന ഫയൽ തിരിച്ചയയ്ക്കുന്നതിന് തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ മാതൃക പെരുമാറ്റച്ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുള്ള കാലയളവിൽ റോഡ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് വ്യവസ്ഥയില്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുവാൻ സാധിച്ചില്ല. |

സെക്ഷൻ ഓഫീസർ